**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – ക്യൂലിസ്റ്റിൽ കിടക്കുന്ന നിർവ്വഹണം പൂർത്തിയായ പദ്ധതികൾക്ക് തനത് ഫണ്ടുള്ള പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 774/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/03/2019

---

പരാമർശം:- കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 19/03/2019 ലെ KGPA/LM/FR/2019031801 നമ്പർ കത്ത്

<u>**ഉത്തരവ്**</u>

2017-18 മാർച്ച് 25 ന് ശേഷം ട്രഷറിയിൽ സമർപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തി ബില്ലുകൾ എല്ലാം ട്രഷറിയിൽ പണമില്ലാത്തതിനാൽ ക്യൂ ലിസ്റ്റിൽപെടുത്തുകയാണുണ്ടായത്. ക്യൂ ലിസ്റ്റിൽപ്പെട്ട ബില്ലുകളുടെ പണം 2018-19 സാമ്പത്തിക വർഷത്തിൽ അധികമായി നൽകേണ്ടതായിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ അലോക്കേഷനിൽ നിന്നും ബില്ലുകൾ മാറുന്നതിനുള്ള ഉത്തരവാണ് ഉണ്ടായത്. ആയതിനാൽ ഈ വർഷത്തെ (2018-19) പ്രോജക്ടുകൾ പൂർത്തീകരിച്ചെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകാനുണ്ടായിരുന്നില്ല. 2018-19 ലെ ബില്ലുകളും പഴയത് പോലെ പല പഞ്ചായത്തുകൾക്കും ക്യൂ ബില്ലായി കിടക്കുകയാണ്. അടുത്ത വർഷത്തെ മൊത്തം അടങ്കൽ നിന്നും ഈ തുക നൽകേണ്ടി വരുന്നു. കൂടാതെ ഇത് പോലെ സ്പിൽ ഓവർ നിർവ്വഹണത്തിന് 2018-19 കാലയളവിലെ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചതിനാൽ പദ്ധതി പ്രവർത്തനം പൂർത്തിയായെങ്കിലും അലോക്കേഷൻ കഴിഞ്ഞതിനാൽ തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിന് ഈ പണം അധികമായി നൽകാൻ കഴിയുന്നില്ലെങ്കിൽ തനത് ഫണ്ടുള്ള പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നും ക്യൂലിസ്റ്റിൽ കിടക്കുന്ന നിർവ്വഹണം പൂർത്തിയായ പദ്ധതിക്ക് ഫണ്ട് വിനിയോഗിക്കാൻ അനുവാദമുണ്ടാവണമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേൻ ജനറൽ സെക്രട്ടറി പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തനത് ഫണ്ടുള്ള പഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്നും 2018-19 വർഷത്തിൽ ക്യൂലിസ്റ്റിൽ കിടക്കുന്ന നിർവ്വഹണം പൂർത്തിയായ പദ്ധതിക്ക് ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രസിഡന്റ്/ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, അഹമ്മദ് കുരിക്കിൾ പഞ്ചായത്ത് ഭവൻ ഒബ്സർവേറ്ററി ഹിൽസ്, തിരുവനന്തപുരം - 695033.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.